# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അവണൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 2)1502/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/04/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അവണൂര് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 2)1502/2021 തീയ്യതി: 20/04/2022

## തൃശ്ശൂർ ജില്ലയിലെ അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 04-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 16-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 16-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സദാനന്ദൻ പി ജി, ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ കെ സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ സ്റ്റാൻലി പി എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ ഇ എൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജീജോ ജോബ്, സീ.ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോയ്സൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയ ബാബുരാജ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി തങ്കമണി ശങ്കുണ്ണി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി രെജി കെ ബി | സെക്രട്ടറി | 01-04-2020 | 30-04-2020 |
| ശ്രീമതി ചിത്ര എം പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2020 | 07-06-2020 |
| ശ്രീമതി നൈന കെ സുകുമാരൻ | സെക്രട്ടറി | 08-06-2020 | 10-06-2020 |
| ശ്രീ ജയൻ എം | സെക്രട്ടറി | 10-06-2020 | 14-01-2021 |
| ശ്രീ വിനു എൻ പി | സെക്രട്ടറി | 15-01-2021 | 03-02-2021 |
| ശ്രീ ജയൻ എം | സെക്രട്ടറി | 04-02-2021 | 05-03-2021 |
| ശ്രീ വിനു എൻ പി | സെക്രട്ടറി | 06-03-2021 | 20-03-2021 |
| ശ്രീമതി ലളിത എ എൻ | സെക്രട്ടറി | 20-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രേഷ്മാ രാമകൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷെറിൻ | അസി.എഞ്ചിനീയർ | 01-04-2020 | 27-04-2020 |
| ശ്രീമതി റീജ പി ടി | അസി.എഞ്ചിനീയർ (അഡീഷണൽ ചാർജ്) | 28-04-2020 | 19-05-2020 |
| ശ്രീമതി സുജ | അസി.എഞ്ചിനീയർ | 20-05-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.മിഥുൻ റോഷ് സി കെ | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 01-04-2020 | 02-02-2021 |
| ഡോ.ഷീമ ഗംഗാധരൻ | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 03-02-2021 | 31-03-2021 |
| ഡോ.കൃപ വി എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.സ്റ്റീഫൻ ജോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 28-01-2021 |
| ഡോ.സീമ ആന്റണി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 28-01-2021 | 31-03-2021 |
| ഡോ.മഞ്ജു വി പി | വെറ്ററിനറി സർജൻ | 01-04-2020 | 04-02-2021 |
| ഡോ.രാജി രവീന്ദ്രൻ | വെറ്ററിനറി സർജൻ | 05-02-2021 | 31-03-2021 |
| ശ്രീമതി മാലിനി | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീന | വി.ഇ.ഒ. അവണൂർ | 01-04-2020 | 23-02-2021 |
| ശ്രീമതി അനു കെ സജീവ് | വി.ഇ.ഒ. അവണൂർ | 24-02-2021 | 31-03-2021 |
| ശ്രീമതി അനു കെ സജീവ് | വി ഇ ഒ ചൂലിശ്ശേരി | 01-04-2020 | 31-03-2021 |
| ശ്രീമതി ചിത്ര എം പി | അസി. സെക്രട്ടറി | 01-04-2020 | 13-09-2020 |
| ശ്രീ വിനു എൻ പി | അസി. സെക്രട്ടറി | 14-09-2020 | 31-03-2021 |
| ശ്രീമതി നീര പി ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സുഷമ സി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 06-07-2020 |
| ശ്രീമതി മഞ്ജുഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-07-2020 | 31-03-2021 |
| ശ്രീ മനോജ് | അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 04-11-2020 |
| ശ്രീമതി ജോമോൾ സി ബേബി | അസി. ഫിഷറീസ് എക്സ്റ്റൻഷൻ | 05-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ട് പ്രകാരം)<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 18-04-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ്<br>Written By: P.G.Sadanandan (Audit Officer, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-9 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Jeejo Job (Senior Grade Auditor, On 03-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11 |
| 12 | അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിനൊപ്പം ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-1 |
| 13 | വസ്തുനികുതി - അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-2 |
| 14 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 18-04-2022) | 1-11-3 |
| 15 | ലഭിച്ച മുൻകൂർ തുകയിലധികമായി ക്രമീകരിച്ചു<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-4 |
| 16 | വസ്തുനികുതി, സർവീസ് സെസ് അഡ്വാൻസ് തുകകൾ ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചു<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 18-04-2022) | 1-11-5 |

| | | |
|---|---|---|
| 17 | വസ്തുനികുതി, സർവീസ് സെസ്സ് - ജേണൽ വൗച്ചർ മുഖേന വരവായി ക്രമീകരിച്ചു. അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-6 |
| 18 | 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-7 |
| 19 | അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-8 |
| 20 | നികുതി നികുതിയേതര കുടിശ്ശികകൾ - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-9 |
| 21 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-10 |
| 22 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-11 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-12 |
| 24 | ക്ലോസിംഗ് സ്റ്റോക്കിന്റ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-13 |
| 25 | എം.എൻ ലക്ഷം വീട് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബാധ്യതയായി ചേർത്തിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-14 |
| 26 | എം.ജി.എൻ.ആർ.ഇ.ജി.എസ്- മൂലധനച്ചെലവ് ബാധകമായ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-15 |
| 27 | പ്രത്യേക ഉദ്ദേശ്യത്തിനായുള്ള എൻഡോവ്മെന്റ് - ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-16 |
| 28 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ ശരിയായി പരിപാലിച്ചിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-17 |
| 29 | ബാങ്ക് /ട്രഷറി റീകൺസിലിയേഷൻ പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-18 |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ അഡ്വാൻസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-19 |

| | | |
|---|---|---|
| 31 | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വാർഷിക ചെലവിന്റെ ഭാഗമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-11-20 |
| 32 | റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിൽ അപാകത<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-12 |
| 33 | 5 മീറ്റർ റോഡ് വീതിയ്ക്കുള്ള വർദ്ധനവ് കണക്കാക്കാതെ വസ്തുനികുതി നിർണ്ണയിച്ചു<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-13 |
| 34 | ഫയർ എൻ.ഒ.സി ഇല്ലാതെ പെർമിറ്റ് അനുവദിച്ചു<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-14 |
| 35 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-15 |
| 36 | പണം മുഴുവനായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 20-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-16 |
| 37 | സംയുക്ത പ്രോജക്ട് - ശ്മശാനനിർമ്മാണം ആരംഭിച്ചിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 22-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-17 |
| 38 | അവണൂർ പി എച്ച് സി-യുടെ എച്ച് എം സി-യുടെ വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 01-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-18 |
| 39 | ലൈഫ് ഭവനനിർമ്മാണം<br>Written By: SunilKumar K C (Asst. Audit Officer, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-19 |
| 40 | ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി - ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: P.G.Sadanandan (Audit Officer, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-20 |
| 41 | പത്ര പരസ്യം - ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-21 |
| 42 | സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - ഉത്തരവ് പാലിക്കേണ്ടതാണ്<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-22 |
| 43 | ലോഗ് ബുക്ക് പരിപാലനം - മാസാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-23 |
| 44 | കോവിഡ്-19- ഗ്രാമപഞ്ചായത്തംഗങ്ങളുടെ മാറ്റി വെച്ച ഓണറേറിയം തിരികെ നൽകാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-24 |
| 45 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ-പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ | 1-25 |

| | | |
|---|---|---|
| | പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 15-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | |
| 46 | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു<br>Written By: Sudha.E.N (Asst. Audit Officer, On 15-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-26 |
| 47 | എസ്.സി.വിദ്യാർത്ഥിനികൾക്ക് പഠനമുറി - ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-27 |
| 48 | എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ - അധിക തുക അനുവദിച്ചു<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-28 |
| 49 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ - ഗുണഭോക്താവിന്റെ പേരിൽ വാഹനം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്<br>Written By: Jeejo Job (Senior Grade Auditor, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-29 |
| 50 | ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 15-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-30 |
| 51 | അസി. എഞ്ചിനീയറുടെ ട്രഷറി/ബാങ്ക് അക്കൗണ്ടുകളിലെ ബാലൻസ് തുക ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരിച്ചടച്ചിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 15-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-31 |
| 52 | റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു<br>Written By: P.G.Sadanandan (Audit Officer, On 22-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-32 |
| 53 | അസി. എഞ്ചിനീയർ - പദ്ധതി നടത്തിപ്പിലും രേഖകൾ സൂക്ഷിക്കുന്നതിലുമുള്ള അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-33 |
| 54 | ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല - 1685 രൂപ നഷ്ടം<br>Written By: P.G.Sadanandan (Audit Officer, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-34 |
| 55 | മരാമത്ത് പണിയുടെ ആകെ പ്രവൃത്തിമൂല്യം എഗ്രീഡ് പി.എ.സി.യിൽ ലിമിറ്റ് ചെയ്തില്ല - 12327 രൂപയുടെ അധിക ചെലവ്<br>Written By: P.G.Sadanandan (Audit Officer, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില | 3-1 |

| | | |
|---|---|---|
| | ഈടാക്കിയില്ല - 1685 രൂപ നഷ്ടം<br>Written By: P.G.Sadanandan (Audit Officer, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | |
| 2 | എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ - അധിക തുക അനുവദിച്ചു<br>Written By: Jeejo Job (Senior Grade Auditor, On 11-03-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 18-04-2022) | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.G.Sadanandan (Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Joyson (Auditor, On 29-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Joyson (Auditor, On 29-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joyson (Auditor, On 29-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joyson (Auditor, On 29-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-04-2022) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | ബജറ്റ് പ്രകാരമുള്ള സംഖ്യ | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ |
|---|---|---|
| വരവ് | 169226500 | 169803201 |
| ചെലവ് | 166502000 | 158091780 |

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, 24.03.2020 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 15.02.2021 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 10.06.2020 |

## 1-3 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22012133 |
| വരവ് | 79175704 |
| ആകെ | 101187837 |
| ചെലവ് | 78672155 |
| നീക്കിയിരിപ്പ് | 22515682 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | 0 | 9620025 | 9620025 | 8174507 | 1445518 |
| വികസന ഫണ്ട് എസ് സി പി (ACR പ്രകാരം) | 0 | 7620000 | 7620000 | 7296347 | 323653 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 21058000 | 21058000 | 21045141 | 12859 |
| മെയിന്റനൻസ് നോൺ റോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 3456558 | 123 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 4290000 | 4290000 | 1695161 | 2594839 |
| സെൻട്രൽ ഫിനാൻസ് | 0 | 5459107 | 5459107 | 4531000 | 928107 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | | | | | |
| സാക്ഷരത | 137272 | 5491 | 142763 | 0 | 142763 |
| TSC | 7663 | 0 | 7663 | 0 | 7663 |
| ICDS | 160885 | 584483 | 745368 | 555932 | 189436 |
| വിമുക്തി | 17955 | 0 | 17955 | 0 | 17955 |
| ശുചിത്വമിഷൻ | 804659 | 0 | 804659 | 45000 | 759659 |
| P B I G | 962472 | 0 | 962472 | 0 | 962472 |
| തൊഴിലാളികളുടെ കൂലി | 0 | 16574527 | 16574527 | 16574527 | 0 |
| ഭരണ ചെലവുകൾ | 0 | 1339484 | 1339484 | 1328899.5 | 10584.5 |

സാക്ഷരത, TSC, ICDS, ശുചിത്വമിഷൻ ഫണ്ടുകളുടെ ബാലൻസ് തുക വാർഷിക കണക്ക് B-4 ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വരവുകളോ ചെലവുകളോ അതാത് ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ചേർക്കാൻ വിട്ടു പോയതാണോ എന്ന് പരിശോധിച്ച് ആയത് ക്രമപ്പെടുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 243 | 94867580 | 121 | 62067512 | 43 | 79 | 49.79% |

## 1-6 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം (ട്രാൻസാക്ഷൻ കൗണ്ട്) |
|---|---|---|
| തൊഴിൽരഹിത വേതനം | 14640 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 6524600 | 484 |
| വിധവ പെൻഷൻ | 12767000 | 890 |
| വാർദ്ധക്യകാല പെൻഷൻ | 20324200 | 1698 |
| വികലാംഗ പെൻഷൻ | 4014200 | 283 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2850000 | 206 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് | 08/01/2020 | 2019 ഡിസംബർ | ലഭ്യമായിട്ടില്ല |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| എ ജി ഓഡിറ്റ് | 26.11.2014 | 2009-10 മുതൽ 2013-14 വരെ | 08/01/2015 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.10.21 തീയതിയിൽ 3.05 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,193/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 13,39,484 | 13,39,484 | 13,28,900 | 10,584 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15944190 | 15944190 | 15944190 | 0 |
| മൂലധനച്ചെലവുകൾ (*ഖണ്ഡിക 1-11-15 കാണുക) | 0 | 6,30,337 | 6,30,337 | 6,30,337 | |
| ആകെ | 0 | 1,79,14,011 | 1,79,14,011 | 1,79,03,427 | 10,584 |

## 1-11 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

### 1-11-1 അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിനൊപ്പം ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-11-2 വസ്തുനികുതി - അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

01/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ അവണൂർ ഗ്രാമപഞ്ചായത്തിൽ 321 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ

നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-3 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**3.1 തൻവർഷം**

3.1.1. റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രക | 25,06,821 | 23,65,869 | 37,374 | 1,07,550 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 25,06,821 | 23,62,243 | 37,374 | 1,07,546 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | * (112923/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

3.1.2. നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 35,59,661 | 30,01,133 | 41,232 | 5,24,005 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 35,59,661 | 29,95,231 | 40,777 | 5,24,020 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(550221 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**3.2. കുടിശ്ശിക**

3.2.1. റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,20,223 | 91332 | 29,336 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *120489 | 90887 | 29,394** |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (115336+11178= 126514/105*100) =120489 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (30864/105X100) |

3.2.2. നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 18,34,440 | 82255 | 17,52,395 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 18,35,081 | 82045 | 17,52,755 |
| | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 422945+1503891= 1926836* (/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (1840393/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.3. സർവ്വീസ് സെസ്സ് (റസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 418555 | 394958 | 6187 | 18028 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4,18,555 | 394340 | 6187 | 18028 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410106-Advance Collection-PT On Residential Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.3.1. സർവ്വീസ് സെസ്സ് (നോൺ റസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4,98,345 | 423989 | 6659 | 63278 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4,98,345 | 428408 | 6659 | 63278 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410106-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.3.2. സർവ്വീസ് സെസ്സ് അരിയർ (റസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 20,357 | 15245 | - | 4948 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 20,161 | 15409 | - | 4948 |
| | 2019-20 B-15 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (35041010-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.3.3 സർവ്വീസ് സെസ്സ് അരിയർ (നോൺ റസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2,71,791 | 8942 | - | 262881 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2,71,765 | 8910 | - | 262881 |
| | 2019-20B-15 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.4. സഞ്ചയ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.5 വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തുമ്പോൾ ഡി.സി.ബി പ്രകാരം തൻവർഷം ആകെ പിരിച്ചെടുക്കാനുള്ള വസ്തുനികുതിയും ലൈബ്രറി സെസ്സും ചേർന്ന തുക Receivables For Property Tax (Current-Residential & Non Residential) ശീർഷകങ്ങളിൽ ഡെബിറ്റ് ചെയ്യുകയും വസ്തുനികുതി ഡിമാന്റ് 1 ൽ തുടങ്ങുന്ന പ്രോപ്പർട്ടി ടാക്സ് ഇൻകം ഹെഡ്ഡിലും ലൈബ്രറി സെസ് ഡിമാന്റ് 431910101 State Govt.Cesses / Levies In Property Taxes-Control Account ലും ക്രെഡിറ്റു ചെയ്യുകയുമാണ് ചെയ്യേണ്ടത്. എന്നാൽ 2020-21 വർഷത്തിൽ റീസിവബിൾ ശീർഷകങ്ങളിൽ ലൈബ്രറി സെസ് ഉൾപ്പെടുത്താതെ വസ്തുനികുതി മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. ലൈബ്രറി സെസ് ഡിമാന്റ് സ്റ്റേറ്റ് ഗവ. സെസ്സസ് & ലെവീസ് കൺട്രോൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല. മാത്രമല്ല 2019-20 വർഷം പിരിച്ചെടുക്കാനുള്ള ലൈബ്രറി സെസ്സ് ആയി കൺട്രോൾ അക്കൗണ്ടിൽ അവശേഷിച്ച തുക Receivables Property Tax – Arrear ശീർഷകങ്ങളിൽ ക്രെഡിറ്റ് ചെയ്യുകയും അപ്രകാരം കൺട്രോൾ അക്കൗണ്ടിലെ ഡിമാന്റ് ഒഴിവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. പിന്നീട് വർഷാവസാനം റിസീവബിൾ ശീർഷകങ്ങളിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തുനികുതിക്ക് ആനുപാതികമായ ലൈബ്രറി സെസ്സ് തുക കണക്കാക്കി സ്റ്റേറ്റ് സെസ്സസ് & ലെവീസ് കൺട്രോൾ അക്കൗണ്ടിൽ പിരിച്ചെടുക്കാനുള്ള ലൈബ്രറി സെസ്സ് ആയി രേഖപ്പെടുത്തുന്നു. ഇപ്രകാരം ചെയ്യുന്നത് നിലവിലെ അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-11-4 ലഭിച്ച മുൻകൂർ തുകയിലധികമായി ക്രമീകരിച്ചു

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities"എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. മേൽ വർദ്ധനക്ക് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues – Property Tax On Residential Building | 2,209 | 37,374 |
| 2 | 350410104-Advance | 1,810 | 40,777 |

| | | | |
|---|---|---|---|
| | Collection Of Revenues – Property Tax On Non-Residential Building | | |
| 3 | 350410105-Advance Collection Of Revenues – Service Cess On Residential Building | 369 | 6,187 |
| 4 | 350410106-Advance Collection Of Revenues – Service Cess On Non-Residential Building | 299 | 6,659 |

**1-11-5 വസ്തുനികുതി, സർവീസ് സെസ് അഡ്വാൻസ് തുകകൾ ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചു**

തൻവർഷത്തെ വസ്തു നികുതി, സർവീസ് സെസ്സ് അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 86,310/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായോ ലഭിച്ചതല്ല എന്നും "Prior Period Items"എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടില്ല. അംഗീകരിക്കാനാകുന്നതായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തുനികുതി - റെസിഡൻഷ്യൽ

| ക്രമ. നം. | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 42000170 | 31.03.21 | 35,165 |

വസ്തുനികുതി - നോൺ-റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 42000171 | 31.03.21 | 38,967 |

സർവീസ് സെസ്സ് - റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 42000172 | 31.03.21 | 5,818 |

സർവീസ് സെസ്സ് - നോൺ-റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 42000173 | 31.03.21 | 6,360 |

**1-11-6 വസ്തുനികുതി, സർവീസ് സെസ്സ് - ജേണൽ വൗച്ചർ മുഖേന വരവായി ക്രമീകരിച്ചു. അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല**

വസ്തുനികുതി, സർവീസ് സെസ്സ് എന്നിവയിലെ റിസീവബിൾസ് ലെഡ്ജർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന തുകകൾ കാഷ് മുഖേനയോ ചെക്ക് മുഖേനയോ ലഭിച്ചതല്ല എന്നും Prior Period Items മുഖേന വരുമാനമായി

ക്രമീകരിക്കുകയോ ചെലവായി എഴുതിതള്ളുകയോ ചെയ്തതായി കണ്ടു. എന്നാൽ ഈ ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രേഖപ്പെടുത്തലുകൾ നിയമാനുസൃതമാണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വസ്തുനികുതി/ സർവീസ് സെസ്സ് ശീർഷകം | വരുമാനമായി/ ചെലവായി ക്രമീകരിച്ച തുക | ജേണൽ വൗച്ചർ നം./ തീയതി |
|---|---|---|
| 431100102- Receivables For Property Tax On Residential Buildings (Arrears) | 110/- | 42000149/01.04.20 |
| 431100104- Receivables For Property Tax On Non-Residential Buildings (Arrears) | 421/- | 42000151/01.04.20 |
| 431100106- Receivables For Services Cess On Residential Buildings (Arrears) | 196/- | 42000152/01.04.20 |
| 431100108- Receivables For Services Cess On Non-Residential Buildings (Arrears) | 26/- | 42000152/01.04.20 |

## 1-11-7 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income - Property Tax On Residential Buildings | 35275 |
| 280100104-Prior Period Income- Property Tax On Non Residential Buildings | 39,388 |
| 280100105-Prior Period Expenses- Service Cess On Residential Buildings | 5,596 |
| 280100106-Prior Period Income-Service Cess On Non Residential Building | 6,360 |
| 280600101-Prior Period Expenses- Remission And Refund- Rent From Buildings | 5,000 |

## 1-11-8 അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിലെ അപാകതകൾ

അഡ്വാൻസ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിവരങ്ങൾ എല്ലാം രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യ ലെഡ്ജറിലെ

വിവരങ്ങൾ മാത്രമാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്. ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി നിരീക്ഷിക്കാൻ പ്രാപ്തമായ വിധത്തിൽ അല്ല അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

**1-11-9 നികുതി നികുതിയേതര കുടിശ്ശികകൾ - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, സർവീസ് സെസ് ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. വസ്തു നികുതി, സർവീസ് സെസ് ഇനത്തിൽ തൻവർഷം 27,61,723/- രൂപ കുടിശ്ശികയുണ്ട്. എന്നാൽ ആയതിന് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-11-10 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്കും യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ എൻട്രികൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.

**1-11-11 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5,03,549/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 50,07,195/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-11-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-11-13 ക്ലോസിംഗ് സ്റ്റോക്കിന്റ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല**

2020-21 വർഷത്തെ സ്റ്റോക്ക് നീക്കിയിരിപ്പിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-11-14 എം.എൻ ലക്ഷം വീട് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബാധ്യതയായി ചേർത്തിട്ടില്ല**

ബാലൻസ് ഷീറ്റ്-ബി 17 പ്രകാരമുള്ള താഴെ ചേർത്തിരിക്കുന്ന പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ബാധ്യത ശീർഷകം ബാലൻസ് ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450630101 | VSCB(MN LAKSHAM VEEDU) | 1,63,430 |

**1-11-15 എം.ജി.എൻ.ആർ.ഇ.ജി.എസ്- മൂലധനച്ചെലവ് ബാധകമായ ശീർഷകത്തിൽ**

**ഉൾപ്പെടുത്തിയില്ല**

2020-21 വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി മുഖേന പഞ്ചായത്തിലെ അൽ അമീൻ റോഡ്, ആറ് വീട് കോളനി റോഡ് എന്നിവയുടെ കോൺക്രീറ്റിംഗിനായി 6,30,337/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി തുക 312100101 Capital Contribution ശീർഷകത്തിൽ ഉൾപ്പെടുത്താതെ റവന്യ ചെലവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തി.

## 1-11-16 പ്രത്യേക ഉദ്ദേശ്യത്തിനായുള്ള എൻഡോവ്മെന്റ് - ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 420800101- Investments- Fixed Deposits എന്ന ശീർഷകത്തിൽ 20,573/- രൂപ നീക്കിയിരിപ്പുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇൻവെസ്റ്റ്മെന്റ് ആയി തൃശ്ശൂർ ജില്ല സഹകരണബാങ്കിലെ 10,000/- രൂപയുടെയും 10,573/- രൂപയുടെയും സെക്രട്ടറിയുടെ പേരിലുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി തുക ആറ്റൂർ സുരേന്ദ്രൻ സ്മാരക എൻഡോവ്മെന്റ് എന്ന പേരിൽ ഒരു വ്യക്തി നിക്ഷേപിച്ചതാണെന്നും ആയതിന്റെ പലിശ ഉപയോഗിച്ച് പത്താം തരത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുട്ടിക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ടെന്നുമാണ് അറിയിച്ചത്. ഇത്തരത്തിൽ ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി പഞ്ചായത്തിനെ ഏൽപ്പിച്ച സ്ഥിരനിക്ഷേപം പഞ്ചായത്തിന്റെ ആസ്തിയായി മാത്രം പരിഗണിക്കുന്നത് ശരിയല്ല. ആയതിന് തത്തുല്യമായി അനുയോജ്യമായ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-11-17 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ ശരിയായി പരിപാലിച്ചിട്ടില്ല

ബാധ്യത ശീർഷകങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. താഴെ പറയുന്ന ബാധ്യത ശീർഷകങ്ങളുടെ എ.സി.ആർ. കളുടെ സംക്ഷിപ്തം എഴുതുകയോ അവ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല.

320200309 Literacy Scheme Grant

320200322 Grants From Suchitwa Mission

320800101 Beneficiary Contribution

320800199 Other Grants, Funds And Contribution For Specific Purpose- Capital
350200301 Recoveries Payable COVID.

## 1-11-18 ബാങ്ക് /ട്രഷറി റീകൺസിലിയേഷൻ പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ ഉൾപ്പെട്ട ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ 2020-21 വർഷത്തെ പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. താഴെ പറയുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ പത്രികകളും ബാങ്ക് / ട്രഷറി സ്റ്റേറ്റ്മെന്റുകളും ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ വർഷാന്ത്യ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

450250102 – Treasury Own Fund

450630101 – VSCB MN Laksham Veedu

450630102 – VSCB Literacy

450650109 – Treasury TSB – Joint Venture

## 1-11-19 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ അഡ്വാൻസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല

2020-21 വർഷത്തിൽ വിവിധ പ്രൊജക്ടുകൾ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 34,95,161/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ 460500204 Advance To Implementing Agencies – Deposit With Ground Water Department എന്ന ശീർഷക പ്രകാരം 2020-21 വർഷം 20,15,161/- രൂപ മാത്രമേ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളൂ. അതു പോലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനുമായി 15,65,646/- രൂപ കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും 460500202 Advance To Implementing Agencies KSEB എന്ന ശീർഷത്തിൽ 11,09,542/- രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

## 1-11-20 സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വാർഷിക ചെലവിന്റെ ഭാഗമാക്കിയില്ല

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) രണ്ടാം ഗഡു (GO(Rt.) No.4444/2020/Fin. Dtd. 03.08.20 പ്രകാരം) അനുവദിച്ചപ്പോൾ ത്രിതല പഞ്ചായത്തുകളിലേക്ക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്ക് ആവശ്യമായ തുകയുടെ 50% കുറവ് ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ 35,319/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ (ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ) ഉൾപ്പെട്ടിട്ടില്ല.

## 1-12 റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിൽ അപാകത

അപേക്ഷ നം. എ3-95/28.12.20, എ2-8307/16.11.20 എന്നിവ പ്രകാരം ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം കൊളങ്ങാട്ടുക്കര – ചൂലിശ്ശേരി റോഡിൽ 1.758 കിലോമീറ്റർ നീളത്തിൽ ഫൈബർ ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ഭരണസമിതിയുടെ 8.3.21 -ാം തീയതിയിലെ തീരുമാനം 13(1) പ്രകാരവും, സെക്രട്ടറിയുടെ ഉത്തരവ് നം. എ3-6117/21 തീ. 2.9.21 എന്നിവ പ്രകാരം ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനതിന് കൊളങ്ങാട്ടുക്കര – ചൂലിശ്ശേരി റോഡിൽ 1.758 കിലോമീറ്റർ നീളത്തിൽ ഫൈബർ ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം റോഡിന്റെ നീളം 1758 മീറ്ററും, വീതി 0.40 മീറ്ററുമാണ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് എടുത്തിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം റീസ്റ്റോറേഷൻ ചാർജ്ജ് 422679.31/- രൂപയാണ്. 30.3.2019 -ാം തിയ്യതിയിലെ PWD Chief Engineer – ടെ No. CE/R&B I GL-RC I 2 I 2019 -ാം നമ്പർ ഉത്തരവ് പ്രകാരം റീസ്റ്റോറേഷൻ വീതി ട്രഞ്ച് വീതിയുടെ 1.5 മടങ്ങായി നിശ്ചയിച്ച് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ കട്ടിങ്ങ് റോഡിന്റെ റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് വീതി 0.40 മീറ്ററാണ് എടുത്തിട്ടുള്ളത്. ആയതുമൂലം 1,26,523.26/- രൂപയുടെ കുറവ് സംഭവിച്ചിട്ടുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 5/8.10.21 നൽകി, മറുപടിയിൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ കുറവ് വന്ന 1,26,523.26/- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഒപ്ടിക്കൽ ഫൈബർ റോഡിൽ സ്ഥാപിക്കുന്നതിന് ഐറ്റി & ഇലക്ട്രോണിക്സ് വകുപ്പിൽ നിന്നും Right Of Way അനുമതി ആവശ്യമാണ്. എന്നാൽ പ്രസ്തുത അനുമതി ഫയലിൽ ലഭ്യമല്ല. ഫൈബർ ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്നതിന് 75000/- രൂപ /കി.മീ എന്ന നിരക്കിൽ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഐറ്റി വകുപ്പിൽ അടവാക്കേണ്ടതുണ്ട്. ആയതിനാൽ ഐറ്റി & ഇലക്ട്രോണിക്സ് വകുപ്പിൽ നിന്നും Right Of Way അനുമതിയുണ്ടോയെന്ന് പരിശോധിച്ച് മാത്രം റോഡ് മുറിക്കൽ അനുമതി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 5 മീറ്റർ റോഡ് വീതിയുള്ള വർദ്ധനവ് കണക്കാക്കാതെ വസ്തുനികുതി നിർണ്ണയിച്ചു

അപേക്ഷ നം. എ3-5407/20 തീ. 21.10.20 പ്രകാരം ചെയർമാൻ, ദേവമാതാ പബ്ലിക് സ്കൂൾ എന്നവരുടെ 5281.72 വിസ്തൃതിയുള്ള കെട്ടിടത്തിന് I/325A, B എന്നി നമ്പറുകൾ നൽകിയതായി കാണുന്നു. പെർമിറ്റ് നം. എ3-378/16 തീ. 5.1.17 പ്രകാരം 5001.04 ച.മീ വിസ്തൃതിയുള്ള കെട്ടിടത്തിനാണ് നിർമ്മാണാനുമതി നൽകിയിട്ടുള്ളത്. കെട്ടിടത്തിലേക്ക് 5 മീറ്റർ വീതിയുള്ള (സൺടെക് റോഡ്) വഴിയുള്ളതായി പ്ലാൻ പ്രകാരം കാണുന്നു. എന്നാൽ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 5 മീറ്റർ റോഡ് വീതിയ്ക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് കണക്കാക്കാതെയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 6/8.10.21 നൽകി, മറുപടിയിൽ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന് പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഫയർ എൻ.ഒ.സി ഇല്ലാതെ പെർമിറ്റ് അനുവദിച്ചു

പെർമിറ്റ് നം. എ3-2605/20-21 തീ. 4.8.20 പ്രകാരം ഫാ. ഷാജു, ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ, ഡയോസസ് ഓഫ് കോട്ടപ്പുറം ബിഷപ്പ് ഹൗസ് എന്നവർക്ക് ഗ്രൂപ്പ് എ2 വിഭാഗത്തിൽ വരുന്ന 1392.50 ച.മീറ്റർ വിസ്തൃതിയിലുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതായി കാണുന്നു. കെ.പി.ബി.ആർ ചട്ടങ്ങൾ പ്രകാരം 1000 ച. മീറ്ററിലധികം നിർമ്മാണ വിസ്തൃതിയിലുള്ള കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി ആവശ്യമാണ്. എന്നാൽ മുകളിൽ പറഞ്ഞ പെർമിറ്റ് അനുവദിച്ചത് ഫയർ എൻ.ഒ.സി ഇല്ലാതെയാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 9/11.10.21 നൽകി, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അപേക്ഷകരിൽ നിന്നും ഫയർ എൻ.ഒ.സി വാങ്ങി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടുള്ളതായി കാണുന്നില്ല.

1) ഐ.റ്റി.സി ലിമിറ്റഡ് I

2) ഓഷ്യൻ പൈപ്പ്സ് I, II

3) താങ് എക്സ്പോർട്ട്സ് I, II

4) മഹൗഷധി ഹെർബൽ പോർട്ട്സ് II

5) യമുന റോളർ ഫ്ലവർ മിൽ I, II

6) സ്പിന്നർ പൈപ്പ്സ് I, II

7) മാന പൗഡർ കോട്ടിങ്ങ്സ് I, II

8) റപ്ച്ചർ ഫുഡ് കെയർ I, II

9) ക്ഷിയോൺ പോളിമേഴ്സ് I, II

10) ഓഷ്യൻ പോളിമേഴ്സ് യൂണിറ്റ് (1) I, II

11) ഓഷ്യൻ പോളിമേഴ്സ് യൂണിറ്റ് (2) I, II

12) പ്രീമിയർ ഫാസിനേഴ്സ് I, II

13) ഉഷ റബ്ബേഴ്സ് I, II

14) സ്റ്റാർ പോളിമേഴ്സ് I, II

15) ഡ്യൂറോ പാക്ക് ഇൻഡസ്ട്രീസ് അവണൂർ I, II

16) സേഫ് പാക്കേജിങ് I, II

17) റിയൽ പാക്ക് ഇൻഡസ്ട്രീസ് I, II

18) നാനോ പാക്ക് ഇൻഡസ്ട്രീസ് I, II

19) വെറൈറ്റി പ്ലാസ്റ്റിക്സ് I, II

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 35/13.10.21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സ്ഥാപനതൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പണം മുഴുവനായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ട് നമ്പർ - 144/2020 ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിലേക്കായി 05.03.2021 ന് രണ്ട് ലക്ഷം രൂപയും (വൗച്ചർ നം. 22001506/ 04-03-21) 13.03.2021 ന് 40000 രൂപയും (വൗച്ചർ നം. 22001509/10-03-21) ഹോംകോ ആലപ്പുഴ എന്ന സ്ഥാപനത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ രണ്ട് ലക്ഷം രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി 2ന് ലഭിച്ച മറുപടി പ്രകാരം മേൽ സൂചിത സ്ഥാപനങ്ങളുമായി മെഡിക്കൽ ഓഫീസർ നിരന്തരം ആശയവിനിയമം നടത്തിക്കൊണ്ടിരിക്കുന്നുണ്ടെന്നും ബാക്കിയുള്ള മരുന്നുകൾ എത്രയും വേഗത്തിൽ ലഭ്യമാക്കണമെന്നുള്ള ഉറപ്പ് മേൽ പരാമർശിത സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 സംയുക്ത പ്രോജക്ട് - ശ്മശാനനിർമ്മാണം ആരംഭിച്ചിട്ടില്ല

2019-20 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10,00,000 രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 9,00,000 രൂപയും അവണൂർ ഗ്രാമപഞ്ചായത്തിൽ ശ്മശാനം (ഗ്യാസ് ക്രിമറ്റോറിയം) നിർമ്മിക്കുന്നതിനായി കൈമാറിയിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തിലും ശ്മശാനനിർമ്മാണം ആരംഭിച്ചിട്ടില്ല. ജി.ഒ.(പി)നം.7/2017/ഫിൻ. തീയതി 23.1.2017 ഖണ്ഡിക 2.5 പ്രകാരം ജോയിന്റ് വെഞ്ച്വർ പ്രോജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശസ്ഥാപനം ഫെബ്രുവരി അവസാന ആഴ്ചയിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതും ആ സാമ്പത്തിക വർഷത്തിൽ തുക ചെലവഴിക്കാനാകില്ല എന്ന് ബോധ്യമാകുന്ന പക്ഷം ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്ഥപനങ്ങളിലേക്ക് (തുക നൽകിയ) ഫെബ്രുവരി 28-നകം തിരിച്ചടക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ശ്മശാനനിർമ്മാണം ആരംഭിക്കാനാകാത്ത സാഹചര്യമാണെങ്കിൽ മേല്പറഞ്ഞ ഉത്തരവിലെ നിർദ്ദേശാനുസരണം ഈയിനത്തിൽ ലഭിച്ച തുക ബന്ധപ്പെട്ട തദ്ദേശസ്ഥപനങ്ങളിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-18 അവണൂർ പി എച്ച് സി-യുടെ എച്ച് എം സി-യുടെ വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടില്ല

ആവണൂർ പി.എച്ച്.സി-യുടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ 2013-14 സാമ്പത്തിക വർഷം മുതലുള്ള വാർഷിക കണക്കുകൾ തയ്യാറാക്കുകയോ ഓഡിറ്റിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് സമയബന്ധിതമായി നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവനനിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി ഇ ഒ

പദ്ധതി നം – 14/21

അടങ്കൽ – 400000

ചെലവ് – 200000

2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ധനസഹായം കൈപ്പറ്റിയ ശ്രീ. ജയൻ. പി. വി. പടിഞ്ഞാറ്റിൽ വീട്, അവണൂർ എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 8/8-10-2021) വീട്ടിലെ ആളുകൾക്ക് കൊറോണ വ്യാപനം മൂലമാണ് നിർമ്മാണം വൈകുന്നതെന്ന് മറുപടി നല്കിയിട്ടുണ്ട്. ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നു എന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി - ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം (ചട്ടം 3 പ്രകാരം) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം (പഞ്ചായത്ത് ഭരണസമിതി തീരുമാനം സഹിതം) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 22/12.10.2021) മറുപടി ലഭ്യമാക്കുകയുണ്ടായി. അതനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്. എസ്.ബി.ഐ (കുഹാസ്) ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 32059290444 പ്രകാരമുള്ള ദുരിതാശ്വാസ നിധി അക്കൗണ്ട് 29.11.2011-ൽ ആരംഭിക്കുകയും 27.06.2012 വരെ തുകകൾ നിക്ഷേപിക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം നിധിയെ സംബന്ധിച്ച എല്ലാ വരവുചെലവു കണക്കുകളും സെക്രട്ടറി മാസാമാസം ഗ്രാമ പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരം സമർപ്പിച്ചതായി രേഖകൾ ഇല്ലാത്തതാണ്. ചട്ടം 3 പ്രകാരം പ്രസ്തുത ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒന്നാണ്. ചട്ടം 6(2) പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ കാലാകാലങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റ് വരവുചെലവുകളുടെ കാര്യത്തിലെന്നപോലെ അതേ രീതിയിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതായുണ്ട്. എന്നാൽ ദുരിതാശ്വാസ നിധി സംബന്ധിച്ച വരവുചെലവു കണക്കുകൾ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കുകയോ, അയച്ചുതരികയോ ചെയ്തിട്ടില്ലാത്തതാണ്. അതിനാൽ ദുരിതാശ്വാസ നിധി ചട്ടപ്രകാരം കൈകാര്യം ചെയ്യുന്നതിനും, അതു സംബന്ധിച്ച വരവുചെലവു കണക്കുകൾ ചട്ടപ്രകാരം ഓഡിറ്റിന് വിധേയമാക്കുന്നതിനും തുടർ നടപടി ഉണ്ടാകേണ്ടതാണ്.

23.05.2012-ൽ 500 രൂപ മാത്രമേ പിൻവലിച്ചിട്ടുള്ളൂ. നിലവിൽ (29.09.2021-ൽ) ടി അക്കൌണ്ടിൽ 13,736 രൂപ ബാലൻസ് ഉണ്ട്. മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ദുരതാശ്വാസ നിധിയുടെ കണക്കുകൾ സൂക്ഷിക്കാനും കണക്കുകൾ ഓഡിറ്റിന് വിധേയമാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പത്ര പരസ്യം - ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ. 04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ. 10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക | പത്രം |
|---|---|---|---|
| 1 | 22000416/12.08.20 | 8600 | മാതൃഭൂമി |
| 2 | 22000609/29.09.20 | 8600 | മാതൃഭൂമി |
| 3 | 22000698/16.10.20 | 8400 | ദേശാഭിമാനി |
| 4 | 22000772/11.11.20 | 5796 | ദേശാഭിമാനി |
| 5 | 22000773/11.11.20 | 5796 | ദേശാഭിമാനി |
| 6 | 22000774/11.11.20 | 5796 | ദേശാഭിമാനി |
| 7 | 22000775/11.11.20 | 5796 | ദേശാഭിമാനി |
| 8 | 22000889/18.12.20 | 8600 | മാതൃഭൂമി |
| 9 | 22001162/06.03.21 | 21060 | മാതൃഭൂമി |
| 11 | 22001178/06.03.21 | 6634 | മാതൃഭൂമി |
| 12 | 22001211/22.03.21 | 6634 | മാതൃഭൂമി |
| ആകെ | | 91,712 | |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 33/13.10.21 നമ്പർ എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. മേൽ വിവരിച്ച പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-22 സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - ഉത്തരവ് പാലിക്കേണ്ടതാണ്

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ

പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു പ്രക്രിയ നടക്കുന്നില്ല. ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (37/13.10.21) മറുപടി നൽകിയില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സർക്കാറിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-23 ലോഗ് ബുക്ക് പരിപാലനം - മാസാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല

ലോഗ്ബുക്കിൽ തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് തൻമാസം അവസാനത്തെ ദിവസം രേഖപ്പെടുത്തേണ്ടതാണ്. (സർക്കുലർ നം. 41/2008/ധന. തീ. 02/08/2008) എന്നാൽ പഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ (KL 08 BA 5616) ഹാജരാക്കിയ 03.03.2020 മുതലുള്ള ലോഗ് ബുക്കിൽ മേൽ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഒന്നും തന്നെ വരുത്തിയിട്ടില്ല. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 38/13.10.21)

## 1-24 കോവിഡ്-19- ഗ്രാമപഞ്ചായത്തംഗങ്ങളുടെ മാറ്റി വെച്ച ഓണറേറിയം തിരികെ നൽകാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

സർക്കാർ ഉത്തരവ് നം. 53/20/ധന. തീയതി. 30/04/20 പ്രകാരം ഡെഫേർഡ് സാലറി സൂക്ഷിക്കുന്നതിനായി പ്രത്യേക ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കേണ്ടതും ജീവനക്കാരുടെയും പഞ്ചായത്തംഗങ്ങളുടെയും മാറ്റി വെച്ച ശമ്പളം/ഹോണറേറിയം ടി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. ആയത് പ്രകാരം പ്രത്യേക ടി.എസ്.ബി. അക്കൗണ്ട് ട്രഷറിയിൽ ആരംഭിക്കുകയും 24.12.2020 ന് ജീവനക്കാരുടെയും പഞ്ചായത്തംഗങ്ങളുടെയും മാറ്റിവെച്ച ശമ്പളം/ഹോണറേറിയം ഇനത്തിൽ 6,23,583 രൂപ ടി അക്കൗണ്ടിലേക്ക് ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 31.03.2021 ലെ 32000306, 32000314 എന്നീ കോൺട്രാ വൗച്ചറുകൾ പ്രകാരം യഥാക്രമം 505186, 118397 എന്നി തുകകൾ എസ്.ബി.ഐ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. എസ്.ബി.ഐ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ജീവനക്കാരുടെ മാറ്റി വെച്ച ശമ്പളമായ 5,05,186/- രൂപ 31.03.21 ലെ 22001296 നമ്പർ വൗച്ചർ പ്രകാരം ജീവനക്കാരുടെ അതാത് അക്കൗണ്ടുകളിലേക്ക് ട്രാൻസ്പർ ചെയ്യുകകയും ചെയ്തു. ഡെഫേർഡ് സാലറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നതും ഇപ്പോൾ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതുമായ 1,18,397/- രൂപ പഞ്ചായത്തംഗങ്ങൾക്ക് വിതരണം നടത്തേണ്ടതും പഞ്ചായത്തിന്റെ ബാധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം. 36/13.10.21)

## 1-25 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ-പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ – പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | വൗച്ചർനം./ തീയതി, തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 1 | 119/21- തേർക്കിൽ അമ്പല പരിസരം കഴൽ കിണർ നിർമ്മാണം. | 22001532/29.03.21, 80000/- | ഭൂജല വകുപ്പ് |

| | | | |
|---|---|---|---|
| 2 | 124/21- താമരക്കുളം ബോർവെൽ നിർമ്മാണം | 22001536/29.03.21, 80000/- | ഭൂജല വകുപ്പ് |
| 3 | 129/21- അംബേദ്കർ മുത്തൻമുത്തി അമ്പലം പരിസരം കുടിവെള്ള പദ്ധതി | 22001534/29.03.21, 500000/- | ഭൂജല വകുപ്പ് |
| 4 | 128/21- ഇത്തപ്പാറ കുടിവെള്ള പദ്ധതി | 22001533/ 29.03.21, 500000/- | ഭൂജല വകുപ്പ് |
| 5 | 82/21- പരപ്പാറ കുടിവെള്ള പദ്ധതി | 22001538/30.03.21, 55161/- | ഭൂജല വകുപ്പ് |
| 6 | 122/21- അങ്ങാടിക്കുളം കുടിവെള്ള പദ്ധതി | 22001535/29.03.21, 400000/- | ഭൂജല വകുപ്പ് |
| 7 | 125/21- കാരോർ കുടിവെള്ള പദ്ധതി ബോർവെൽ നിർമ്മാണം | 22001537/29.03.21, 100000/- | ഭൂജല വകുപ്പ് |
| 8 | 123/21- ഉദയ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 22001539/29.03.21, 200000/- | ഭൂജല വകുപ്പ് |
| 9 | 278/21- പഞ്ചമി കുടിവെള്ള പദ്ധതി ശേഷിക്കുന്ന തുക നൽകൽ | 22001508/05.03.21, 165370<br>22001371/18.09.20, 50000/-<br>22001194/05.03.21, 84630/- | ഭൂജല വകുപ്പ് |
| 10 | 253/21- പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി | 22000568/11.09.20, 50000/- | ഭൂജല വകുപ്പ് |
| 11 | 84/21 – ചാക്രത്ത് | 22001365/09.09.20, 480000/- | ഭൂജല വകുപ്പ് |

| | | | |
|---|---|---|---|
| | കുടിവെള്ള പദ്ധതി | | |
| 12 | 87/21- വെളപ്പായ യംഗ് സ്റ്റാർ കുടിവെള്ള പദ്ധതി | 22001364/09.09.21, 750000/- | ഭൂജല വകുപ്പ് |
| 13 | 47/21- വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22001131/23.02.21, 56104/- | കെ.എസ്.ഇ.ബി. |
| 14 | 49/21- ഐ.കെ.എം വിഹിതം നൽകൽ | 22001372/23.09.20, 71726/- | ഐ.കെ.എം. |
| 15 | 108/21- സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22001486/16.02.21, 126850/- 22001528/25.03.21, 373150/- 22001276/29.03.21, 500000/- | കെ.എസ്.ഇ.ബി |
| 16 | 200/21- സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22001277/29.03.21, 109542/- 22001342/26.05.20, 400000/- | കെ.എസ്.ഇ.ബി |

ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.20/11.10.21) മറുപടി നല്കിയിട്ടില്ലാത്തതാണ്. പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-26 ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

2020-21 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ ആകെ ചെലവ് തുകയായ 24,85,542/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം -24/11.10.21)

| ക്രമനമ്പർ | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | വൗച്ചർ നമ്പർ / തീയതി | തുക |
|---|---|---|---|
| 1 | 227/21- സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 22001332/14.05.20<br>22001330/14.05.20<br>22001331/14.05.20<br>22001333/14.05.20<br>22001344/26.05.20 | 95000<br>98000<br>98000<br>90000<br>95000 |
| 2 | 108/21- സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22001486/16.02.21<br>22001528/25.03.21<br>22001276/29.03.21 | 126850<br>373150<br>500000 |
| 3 | 200/21-സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22001277/29.03.21<br>22001342/26.05.20 | 109542<br>400000 |
| 4 | 201/21- സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ് വാങ്ങൽ | 220001334/14.05.20<br>220001337/14.05.20 | 86800<br>80000 |

| | | | | |
|---|---|---|---|---|
| | | | 220001335/14.05.20 | 86800 |
| | | | 220001336/14.05.20 | 86800 |
| | | | 220001338/14.05.20 | 80000 |
| | | | 220001339/14.05.20 | 79600 |
| | | ആകെ | | 24,85,542 |

## 1-27 എസ്.സി.വിദ്യാർത്ഥിനികൾക്ക് പഠനമുറി - ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥിനികൾക്ക് പഠനമുറി പണിയുന്നതിന് ധനസഹായം (പ്രൊജക്ട് നമ്പർ-158/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| വൗച്ചർ നമ്പർ, തുക | 22001396/09-11-20, തുക: 350000/-<br>22001475/10-02-21, തുക: 50,000/-<br>22001483/16-02-21, തുക: 50,000/-<br>22001515/18-03-21, തുക: 2,61,000/-<br>22001530/29-03-21, തുക: 2,65,000/- |

2020-21 വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി പഠനമുറി പണിയുന്നതിനായി ധനസഹായം അനുവദിച്ച താഴെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ഫയലുകൾ പ്രകാരവും ഗുണഭോക്തൃ രജിസ്റ്റർ പ്രകാരവും പഠനമുറി പൂർത്തീകരിച്ചതു സംബന്ധിച്ച സാക്ഷ്യപത്രമോ മൂല്യ നിർണ്ണയ സാക്ഷ്യപത്രമോ ലഭ്യമല്ല. ഫയൽ പ്രകാരം ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | ധനസഹായം അനുവദിച്ച തുക |
|---|---|---|
| 1 | സാന്ദ്ര കെ. ആർ., D/O സീന കെ.എ, മാക്കത്ത് ഹൗസ്, തങ്ങാലൂർ | 50,000/- |
| 2 | ആതിര.കെ.എസ്. D/O സദാനന്ദൻ, കരിപ്പാലപ്പറമ്പിൽ | 1,65,000/- |
| 3 | അലൻ.വി.എസ്. S/O ഷാജു വി.കെ., വായാട്ടിൽ ഹൗസ്, വരടിയം | 1,00,000/- |
| 4 | അനശ്വര.കെ.കെ. D/O കിഷോർ, കുമ്പളങ്ങോട്ടിൽ വീട് | 1,00,000/- |
| 5 | അനഘ. D/O ജയൻ, നായ്ക്കത്ത് വീട്, വെളപ്പായ | 50,000/- |
| | ആകെ | 4,65,000/ |

അപാകതകൾ പരിഹരിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതു വരെ ചെലവഴിച്ച തുകയായ 4,65,000/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 13/11.10.21)

## 1-28 എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ - അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് | 1. എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ (പ്രൊജക്ട് നമ്പർ-187/21)<br>2. എസ്.സി.വിദ്യാർത്ഥിനികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ (പ്രൊജക്ട് നമ്പർ - 162/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| വൗച്ചർ നമ്പർ, തുക | 22001430/11.01.21, 50,000/-<br>22001395/09.11.20, 1,10,000/-<br>22001399/10.11.20, 1,55,000/- |

2020-21 വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് നൽകിയ ഐ.ടി.ഐ കോഴ്സിന് പഠിക്കുന്ന താഴെ പറയുന്ന വിദ്യാർത്ഥിനി / വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അർഹമായ തുകയിൽ അധികമായി സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | സ്കോളർഷിപ്പ് അനുവദിച്ചത് | സബ്സിഡി മാർഗ്ഗരേഖ പ്രകാരം അർഹമായ സ്കോളർഷിപ്പ് | അധികമായി അനുവദിച്ച സ്കോളർഷിപ്പ് തുക |
|---|---|---|---|---|---|
| 1 | 162/21 | കൃഷ്ണവേണി ടി.ആർ., D/O രവീന്ദ്രൻ, തുള്ളാങ്കര, മുളങ്കുന്നത്ത് കാവ് | 20,000/- | 15,000/- | 5000/- |
| 2 | 187/21 | അതുൽകൃഷ്ണ വി.എസ്., S/O ജയപ്രകാശ്, വട്ടേക്കാട്, മണിത്തറ, അവണൂർ | 20,000/- | 15,000/- | 5000/- |
| 3 | 187/21 | സഞ്ജയ് രാജേഷ്, മേലേതിൽ വീട്, കൊളങ്ങാട്ടുകര | 20,000/- | 15,000/- | 5000/- |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം. 14/11.10.21) (ഖണ്ഡിക 3-2 കാണുക)

## 1-29 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട്ടു കൂടിയ സ്കൂട്ടർ - ഗുണഭോക്താവിന്റെ പേരിൽ വാഹനം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് | 1. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ (പ്രൊജക്ട് നമ്പർ - 255/21- സ്പിൽ ഓവർ),<br>2. ഭിന്നശേഷിക്കാരായവർക്ക് സൈഡ് വീലോട്ടു കൂടിയ സ്കൂട്ടർ വിതരണം ചെയ്യൽ (പ്രൊജക്ട് നമ്പർ - 20/21) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| വൗച്ചർ നമ്പർ, തുക | 22001521/25.03.21 = 11,000 (വികസന ഫണ്ട് - ജനറൽ)<br>22001522/25.03.21 = 81,000 (വികസന ഫണ്ട് - ജനറൽ) |

2020-21 വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതികൾ പ്രകാരം ശ്രീ. രാജൻ.ആർ., പത്തായപ്പുരയ്ക്കൽ ഹൗസ്, തങ്ങാലൂർ എന്നയാൾക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്. ആയതിന്റെ വിലയായി മേൽ വൗച്ചറുകൾ പ്രകാരം 92,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാഹനം ടിയാന്റെ പേരിൽ രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. വാഹനം ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്യേണ്ടതും സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. ആയത് സംബന്ധിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 15/11.10.21)

## 1-30 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല

ഇ-ടെന്റർ ഫോറം വില ഇനത്തിൽ 2020-21 വർഷത്തിൽ 38373/- രൂപ വരവുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. മേൽപറഞ്ഞ തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 അസി. എഞ്ചിനീയറുടെ ട്രഷറി/ബാങ്ക് അക്കൗണ്ടുകളിലെ ബാലൻസ് തുക ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരിച്ചടച്ചിട്ടില്ല

അസി. എഞ്ചിനീയറുടെ പേരിലുള്ള ഔദ്യോഗിക സേവിങ് ബാങ്ക് അക്കൗണ്ടുകളിൽ താഴെ പറയുംപ്രകാരം ബാലൻസ് തുകകൾ കാണുന്നു. ഈ തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്നും അവ ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരിച്ചടക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന്റെ കാരണവും ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 23/12.10.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ഇക്കാര്യം പരിശോധിച്ച് വരുന്നു എന്നാണ് അറിയിച്ചത്.

| അക്കൗണ്ട് നമ്പർ | 02.08.2021-ലെ ബാലൻസ് തുക |
|---|---|
| 33385840072<br>SBI Health University Branch | 17498 |
| 799011400001902<br>ട്രഷറി സേവിങ്സ് ബാങ്ക് | 71416 |

മേൽപറഞ്ഞ തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്ന് പരിശോധിച്ച് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 1-32 റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു

സ.ഉ. (എം.എസ്) 74/14 എൽ.എസ്.ജി.ഡി തീ. 7.5.2014 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത്. ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 അസി. എഞ്ചിനീയർ - പദ്ധതി നടത്തിപ്പിലും രേഖകൾ സൂക്ഷിക്കുന്നതിലുമുള്ള അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ പൊതുവായി കാണപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഭൂരിഭാഗം പ്രവൃത്തികളോടുമൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
2. കരാറുകാരുമായുള്ള എഗ്രിമെന്റിന്റെ ഭാഗമായി പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടില്ല
3. 2019-20, 2020-21 വർഷങ്ങളിൽ ഫൈനൽ ബില്ല് നൽകിയ പ്രവൃത്തികളിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം Name Board ന് തുക വകയിരുത്തുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.
4. അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വാങ്ങിയിട്ടുള്ള സാധനസാമഗ്രികളുടെ വിവരങ്ങൾ ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
5. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7. ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. തുകകൾ വരവ് വന്ന തീയതി, ചെക്ക് നമ്പർ/ട്രഷറി ബിൽ നമ്പർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്ന രീതിയിൽ ക്യാഷ് ബുക്ക് എഴുതുന്നില്ല. ക്യാഷ് ബുക്ക് ദിവസ, മാസ, വാർഷിക അടിസ്ഥാനത്തിൽ ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നില്ല.
8. എഗ്രിമെന്റിലോ, എഗ്രിമെന്റ് രജിസ്റ്ററിലോ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി ചേർക്കുന്നില്ല.
9. 90% പ്രവൃത്തികളിലും കരാറുകാർക്ക് പ്രവൃത്തി ഏല്പിച്ച നൽകുന്നതിന് സെലക്ഷൻ നോട്ടീസ് അയക്കുമ്പോൾ തീയതി രേഖപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ നിശ്ചിത സമയപരിധിയ്ക്കകം കരാർ വയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാകുന്നില്ല
10. പ്രവൃത്തി തുടങ്ങിയതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന സാഹചര്യത്തിൽ കരാറുകാർ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/13.10.2021-ന് മറുപടിയായി ജോലിത്തിരക്ക് മൂലമാണ് ഇത്തരത്തിൽ അപാകതകൾ സംഭവിച്ചത് എന്നും വരും വർഷങ്ങളിൽ പോരായ്മകൾ നികത്താമെന്നും അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-34 ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല - 1685 രൂപ നഷ്ടം</u>

PRICE സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ റേറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| പ്രോജക്റ്റിന്റെ വിവരം | ഉപയോഗിച്ച ടാർ ബാരലുകളുടെ എണ്ണം (അളവു പുസ്തകം പേജ് 17 പ്രകാരം) | വില (6*238) | ജി എസ് ടി (18%) | ആകെ |
|---|---|---|---|---|
| 250/21 – കുഴിപ്പറമ്പിൽ റോഡ് റീടാറിങ്ങ്<br>അടങ്കൽ - 120000 MF-Road)<br>ചെലവ് 118327/-<br>ബിൽ നമ്പർ - 43/18-12-2020<br>അളവു പുസ്തകം നമ്പർ - 64/2020<br>കരാറുകാരൻ - പി ഒ ബൈജു<br>എഗ്രിമെന്റ് നമ്പർ - 67/2019-20/31.3.2020 | 6 | 1428 | 257 | 1685 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നമ്പർ 25/13.10.2021-ന് മറുപടി ലഭിച്ചില്ല. മുകളിൽ പറഞ്ഞ പ്രകാരം 1685 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിൽ അടവാക്കേണ്ടതാണ്.

## 1-35 മരാമത്ത് പണിയുടെ ആകെ പ്രവൃത്തിമൂല്യം എഗ്രീഡ് പി.എ.സി.യിൽ ലിമിറ്റ് ചെയ്തില്ല - 12327 രൂപയുടെ അധിക ചെലവ്

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ആകെ പ്രവൃത്തിമൂല്യം എഗ്രീഡ് പി.എ.സി.യിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചതു വഴി പഞ്ചായത്ത് ഫണ്ടിന് 12,327 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിവരം | കരാറുകാരൻ | ചെലവ് | ട്രഷറി ബിൽ നമ്പർ/ തീയതി | എഗ്രീഡ് പി എ സി |
|---|---|---|---|---|---|
| 1 | 229/21 – കാരോർ-എടക്കുളം മുഗാശുപത്രി റോഡ് റീടാറിങ്ങ് | കണ്ണൻ പി ജി | 215461 (റോഡ് മെയിന്റനൻസ് ഫണ്ട്) | 22/23.4.2020 | 193451.04 |
| | എഗ്രിമെന്റ് നമ്പർ - 34/19-20 തീയതി 18.11.2019 | | | | |

മേൽപറഞ്ഞ പ്രവൃത്തിക്ക് തുക അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 195385.03 |
| ജി എസ് ടി 12% | 23446.2 |
| ആകെ | 218831 |
| കുറയ്ക്കേണ്ട ഇനങ്ങൾ | |
| കാലി ബാരൽ 12 എണ്ണം | 2856 |
| ജി എസ് ടി 18% | 514 |
| ഐടി 1% | 1954 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 1954 |
| കരാറുകാരന് നൽകിയ തുക | 211553 |

ആകെ പ്രവൃത്തിമൂല്യം എഗ്രീഡ് പിഎസി യിൽ പരിമിതപ്പെടുത്തി നൽകേണ്ടിയിരുന്ന തുക

| | |
|---|---|
| എഗ്രീഡ് പി എ സി | 193451.04 |
| ജി എസ് ടി 12% | 23214.12 |
| ആകെ | 216665 |
| കുറയ്ക്കുക | |
| കാലി ബാരൽ | 2856 |
| ജി എസ് ടി 18% | 514 |
| ഐടി 1% | 1935 |
| നിർമ്മാണതൊഴിലാളി ക്ഷേമനിധി | 1935 |
| കരാറുകാരന് നൽകേണ്ടിയിരുന്ന തുക | 209425 |

അധികം നൽകിയത് 211553 –209425 = 2128

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിവരം | കരാറുകാരൻ | ചെലവ് | ട്രഷറി ബിൽ നമ്പർ/ തീയതി | എഗ്രീഡ് പി എ സി |
|---|---|---|---|---|---|
| 2 | 210/21 – പാറപ്പുറം മണിത്തറ റോഡ് റീടാറിങ്ങ് | കണ്ണൻ പി ജി | 1282923 (റോഡ് മെയിന്റനൻസ് ഫണ്ട്) | 28/14.5.2020 | 1155528 |
| | എഗ്രിമെന്റ് നമ്പർ - 47/19-20 തീയതി 04.12.2019 | | | | |

മേൽപറഞ്ഞ പ്രവൃത്തിക്ക് തുക അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 1160512.87 |
| ജി എസ് ടി 12% | 139261.54 |
| ആകെ | 1299774 |
| കുറയ്ക്കേണ്ട ഇനങ്ങൾ | |
| കാലി ബാരൽ 60 എണ്ണം | 14280 |
| ജി എസ് ടി 18% | 2571 |
| ഐടി 1% | 11606 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 11606 |
| ജിഎസ് ടി 2% | 23212 |
| കരാറുകാരന് നൽകിയ തുക | 1236499 |

ആകെ പ്രവൃത്തിമൂല്യം എഗ്രീഡ് പിഎസി യിൽ പരിമിതപ്പെടുത്തി നൽകേണ്ടിയിരുന്ന തുക

| | |
|---|---|
| എഗ്രീഡ് പി എ സി | 1155528 |
| ജി എസ് ടി 12% | 138663 |
| ആകെ | 1294191 |
| കുറയ്ക്കുക | |
| കാലി ബാരൽ | 14280 |
| ജി എസ് ടി 18% | 2571 |
| ഐടി 1% | 11555 |
| നിർമ്മാണതൊഴിലാളി ക്ഷേമനിധി | 11555 |
| ജി എസ് ടി 2% | 23110 |
| കരാറുകാരന് നൽകേണ്ടിയിരുന്ന തുക | 1231120 |

അധികം നൽകിയത് 1236499 –1231120 = 5379

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിവരം | കരാറുകാരൻ | ചെലവ് | ട്രഷറി ബിൽ നമ്പർ/ തീയതി | എഗ്രീഡ് പി എ സി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 3 | 219/21 – കോളങ്ങാട്ടുകര – പാറപ്പുറം റോഡ് റീടാറിങ്ങ് - വാർഡ് 8 | കണ്ണൻ പി ജി | 492698 (റോഡ് മെയിന്റനൻസ് ഫണ്ട്) | 4/23.4.2020 | 441964 |
| | എഗ്രിമെന്റ് നമ്പർ - 50/19-20 തീയതി 4.12.19 | | | | |

മേൽപറഞ്ഞ പ്രവൃത്തിക്ക് തുക അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 446428.56 |
| ജി എസ് ടി 12% | 53571.43 |
| ആകെ | 500000 |
| കുറയ്ക്കേണ്ട ഇനങ്ങൾ | |
| കാലി ബാരൽ 20 എണ്ണം | 6188 |
| ജി എസ് ടി 18% | 1114 |
| ഐടി 1% | 4465 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 4465 |
| ജിഎസ് ടി 2% | 8930 |
| കരാറുകാരന് നൽകിയ തുക | 474838 |

ആകെ പ്രവൃത്തിമൂല്യം എഗ്രീഡ് പി എ സി യിൽ പരിമിതപ്പെടുത്തി നൽകേണ്ടിയിരുന്ന തുക

| | |
|---|---|
| എഗ്രീഡ് പി എ സി | 441964 |
| ജി എസ് ടി 12% | 53036 |
| ആകെ | 495000 |
| കുറയ്ക്കുക | |
| കാലി ബാരൽ | 6188 |
| ജി എസ് ടി 18% | 1114 |
| ഐടി 1% | 4420 |
| നിർമ്മാണതൊഴിലാളി ക്ഷേമനിധി | 4420 |
| ജി എസ് ടി 2% | 8840 |
| കരാറുകാരന് നൽകേണ്ടിയിരുന്ന തുക | 470018 |

അധികം നൽകിയത് 474838 – 470018 = 4820

മേൽപറഞ്ഞ 3 പ്രവൃത്തികളിലുമായി ആകെ 12327 രൂപ കരാറുകാരന് അധികം നൽകിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 39/16.10.2021 പ്രകാരം ആവശ്യപ്പെട്ടതിനെത്തുടർന്ന് 16.10.2021-ലെ 121030102659 നമ്പർ രസീത് പ്രകാരം തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ഈ തുക സർക്കാരിലേക്ക് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല - 1685 രൂപ നഷ്ടം

PRICE സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ റേറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| പ്രോജക്റ്റിന്റെ വിവരം | ഉപയോഗിച്ച ടാർ ബാരലുകളുടെ എണ്ണം (അളവു പുസ്തകം പേജ് 17 പ്രകാരം) | വില (6*238) | ജി എസ് ടി (18%) | ആകെ |
|---|---|---|---|---|
| 250/21 – കുഴിപ്പറമ്പിൽ റോഡ് റീടാറിങ്ങ് അടങ്കൽ - 120000 MF-Road) ചെലവ് 118327/- ബിൽ നമ്പർ - 43/18-12-2020 അളവു പുസ്തകം നമ്പർ -64/2020 കരാറുകാരൻ - പി ഒ ബൈജു എഗ്രിമെന്റ് നമ്പർ - 67/2019-20/31.3.2020 | 6 | 1428 | 257 | 1685 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നമ്പർ 25/13.10.2021-ന് മറുപടി ലഭിച്ചില്ല. മുകളിൽ പറഞ്ഞ പ്രകാരം 1685 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിൽ അടവാക്കേണ്ടതാണ്.

### 3-2 എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ - അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് | 1. എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ (പ്രൊജക്ട് നമ്പർ-187/21) 2. എസ്.സി.വിദ്യാർത്ഥിനികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ (പ്രൊജക്ട് നമ്പർ - 162/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| വൗച്ചർ നമ്പർ, തുക | 22001430/11.01.21, 50,000/- |

| | |
|---|---|
| | 22001395/09.11.20, 1,10,000/- 22001399/10.11.20, 1, 55,000/- |

2020-21 വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് നൽകിയ ഐ.ടി.ഐ കോഴ്സിന് പഠിക്കുന്ന താഴെ പറയുന്ന വിദ്യാർത്ഥിനി / വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അർഹമായ തുകയിൽ അധികമായി സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | സ്കോളർഷിപ്പ് അനുവദിച്ചത് | സബ്സിഡി മാർഗ്ഗരേഖ പ്രകാരം അർഹമായ സ്കോളർഷിപ്പ് | അധികമായി അനുവദിച്ച സ്കോളർഷിപ്പ് തുക |
|---|---|---|---|---|---|
| 1 | 162/21 | കൃഷ്ണവേണി ടി.ആർ., D/O രവീന്ദ്രൻ, തുള്ളാങ്കര, മുളങ്കുന്നത്ത് കാവ് | 20,000/- | 15,000/- | 5000/- |
| 2 | 187/21 | അതുൽകൃഷ്ണ വി.എസ്.., S/O ജയപ്രകാശ്, വട്ടേക്കാട്, മണിത്തറ, അവണൂർ | 20,000/- | 15,000/- | 5000/- |
| 3 | 187/21 | സഞ്ജയ് രാജേഷ്, മേലേതിൽ വീട്, കൊളങ്ങാട്ടുകര | 20,000/- | 15,000/- | 5000/- |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം. 14/11.10.21). അധികമായി അനുവദിച്ച സ്കോളർഷിപ്പ് തുക 15,000/- തിരികെ ഈടാക്കേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം 2020-21**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | 83000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ജനറൽ | 83000 | 0 |
| | | 29675 | ഫലവൃക്ഷത്തൈകളുടെ | 29675 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വിതരണം | | |
| | 2019-20 | 3900 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും - പട്ടികജാതി | 0 | 3900 |
| | | 1000000 | ഗ്യാസ് ക്രിമറ്റോറിയം | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | 400000 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 400000 | 0 |
| | | 200000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ജനറൽ | 200000 | 0 |
| | 2019-2020 | 112750 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ജനറൽ | 0 | 112750 |
| | | 990000 | ഗ്യാസ് ക്രിമറ്റോറിയം | 0 | 990000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

**ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ 2019-20**

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | | 100000 | 100000 | 0 |
| ഭൂജല വകുപ്പ് | ചാക്രത്ത് കുടിവെള്ള പദ്ധതി | | 480000 | 480000 | 0 |
| -ടി- | വെളപ്പായ യങ്ങ് സ്റ്റാർ കുടിവെള്ള പദ്ധതി | | 750000 | 750000 | 0 |
| -ടി- | തേർക്കിൽ അമ്പല പരിസരം ബോർവെൽ നിർമ്മാണം | | 80000 | 80000 | 0 |
| -ടി- | അങ്ങാടിക്കുളം കുടിവെള്ള പദ്ധതി | | 400000 | 400000 | 0 |
| -ടി- | ഉദയ കുടിവെള്ള | | 200000 | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | |
| -ടി- | താമരക്കുളം ബോർവെൽ നിർമ്മാണം | | 80000 | 80000 | 0 |
| -ടി- | കാരോർ കുടിവെള്ളപദ്ധതി ബോർവെൽ നിർമ്മാണം | | 100000 | 100000 | 0 |
| -ടി- | ഇത്തപ്പാറ കുടിവെള്ള പദ്ധതി | | 500000 | 500000 | 0 |
| -ടി- | അംബേദ്കർ മുത്തൻമുത്തി അമ്പലപരിസരം കുടിവെള്ള പദ്ധതി | | 500000 | 500000 | 0 |
| -ടി- | പഞ്ചമി കുടിവെള്ള പദ്ധതി ശേഷിക്കുന്ന തുക നൽകൽ | | 300000 | 300000 | 0 |
| -ടി- | പടിഞ്ഞാട്ടുമുറി കുടിവെള്ള പദ്ധതി ശേഷിക്കുന്ന തുക നൽകൽ | | 50000 | 50000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന പദ്ധതി (രാജീവ് ഗാന്ധി) | 205/DB/15/LSGD Dt.26.08.2015 | 14715060 | 8000000 | 1500000 | 910150 | 6500000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20573 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| 3 | ആകെ | 20573 |
| | | |

| | | |
|---|---|---|
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20573 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

**(എ). ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**(ബി). സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79175704/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78672155/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16685/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,50,542/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1685 | സുജ, അസി.എഞ്ചിനിയർ |
| 3-2 | 15000 | വിനു എൻ.പി, അസി. സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 1376000 | ചിത്രാ എം.പി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-26 | 1109542 | ജയൻ എം, സെക്രട്ടറി |
| 1-27 | 465000 | വിനു എൻ.പി, അസി. സെക്രട്ടറി |
| ആകെ | 29,50,542/- | |

**സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 3-1 | 1685 | സുജ, അസി.എഞ്ചിനിയർ | കൃഷ്ണാരവിന്ദം, ഞാലിക്കോണം ഏണിക്കര, കുരുകുളം പി.ഒ, തിരുവനന്തപുരം | കൃഷ്ണാരവിന്ദം, ഞാലിക്കോണം ഏണിക്കര, കുരുകുളം പി.ഒ, തിരുവനന്തപുരം |
| 3-2 | 15000 | വിനു എൻ.പി, അസി. സെക്രട്ടറി | ഗീതാഞ്ജലി, കുഞ്ഞിക്കല്ല് ലൈൻ, അയ്യന്തോൾ 680003 | ഗീതാഞ്ജലി, കുഞ്ഞിക്കല്ല് ലൈൻ, അയ്യന്തോൾ 680003 |

**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 1-26 | 1376000 | ചിത്ര എം.പി, സെക്രട്ടറി ഇൻ ചാർജ്ജ് | കുന്നപ്പിള്ളി ഹൗസ്1281000, വെട്ടിക്കാട്ടിൽ, മണ്ണുത്തി | കുന്നപ്പിള്ളി ഹൗസ്, വെട്ടിക്കാട്ടിൽ, മണ്ണുത്തി |
| 1-26 | 1109542 | ജയൻ എം, സെക്രട്ടറി | മാരാത്ത് ഹൗസ്, അരിമ്പൂർ പി.ഒ | മാരാത്ത് ഹൗസ്, അരിമ്പൂർ പി.ഒ |
| 1-27 | 465000 | വിനു എൻ.പി, അസി. സെക്രട്ടറി | ഗീതാഞ്ജലി, കുഞ്ഞിക്കല്ല് ലൈൻ, അയ്യന്തോൾ 680003 | ഗീതാഞ്ജലി, കുഞ്ഞിക്കല്ല് ലൈൻ, അയ്യന്തോൾ 680003 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1975-76, | എൽ.എഫ്.ടി.എസ്.2-902/11/28.10.11/ 06.12.11 |
| 76-77, | |
| 77-78, | |
| 78-79, | |
| 79-80, | |
| 80-81 | |
| 81-82 | |
| 82-83 | |
| 83-84 | |

| | |
|---|---|
| 84-85 | |
| 88-89 | |
| 89-90 | |
| 92.93 | |
| 93-94 | |
| 94-95 | |
| 95-96 | |
| 96-97 | എൽ.എഫ്.ടി.9-113/97/15.06.98/15.09.98 |
| 97-98 (ചെലവ്) | എൽ.എഫ്.ടി.21-1243/98 /12.01.99 |
| 97-98 (വരവ്) | എൽ.എഫ്.ടി.21-1130/02/09.12.02/28.03.03 |
| 98-99 | എൽ.എഫ്.ടി.12-1131/02/13.12.02/28.03.03 |
| 99-2000 (പ്ലാൻ) | എൽ.എഫ്.ടി.12-921/03/15.11.03/13.01.04 |
| 99-00 (പ്ലാൻ ഒഴികെ) | എൽ.എഫ്.ടി.12-242/06/04.08.06/ 08.12.06 |
| 00-01, 01-02 (പ്ലാൻ) | എൽ.എഫ്.ടി.12-1574/03/ 08.02.04/ 21.05.04 |
| 02-03 | എൽ.എഫ്.ടി.12-774/02/07.10.06/17.11.06 |
| 03-04 | എൽ.എഫ്.ടി.12- 2852/06/18.05.07/ 09.11.07 |
| 04-05 | എൽ.എഫ്.ടി.12-1795/08/29.05.10 |
| 05-06 | എൽ.എഫ്.ടി.12-1799/08/29.05.10 |
| 06-07 | എൽ.എഫ്.ടി.പി.6-234/11/29.11.11 |
| 07-08, 08-09, 09-10 | എൽ.എഫ്.ടി.പി.6-235/11/29.11.11 |
| 10-11 | എൽ.എഫ്.ടി.പി.3-2121/11/28.02.12 |
| 11-12 | എൽ.എഫ്.ടി.(പി.3)1264/13 തീയതി 05.12.13/20.01.14 |
| 12-13 | എൽ.എഫ്.ടി.പി.3-2170/13/11.02.14/14.05.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.പി.3-1953/14 /14.07.15/13.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.3-632/16 /26-05-2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.3-2103/16 /17-12-2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി3)1371/17 /10.11.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി3)1807/18 |

| | |
|---|---|
| | തീയതി 01.12.2018/07.12.2018 |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ (പി3)293/2020<br>തീയതി: 30.04.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി 2)1501/2021<br>തീയതി: 20.04.2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അവണൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്